കിളിമാനൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ

1379. [1970] ശ്രീമതി ഭാർഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കിളിമാനൂർ നിയോജകമണ്ഡലത്തിലെ—
1. തകരപ്പറമ്പ്—തട്ടത്തുമല റോഡ്
2. പള്ളിക്കൽ—മുതല—ഇടവേലിക്കൽ റോഡ്
3. ചെമ്മരത്തുമുക്ക് പുതുശ്ശേരി മുക്ക് റോഡ് എന്നീ റോഡുകളുടെ പണി എവിടം വരെയായി ;

(ബി) റോഡ് നിർമ്മാണം പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെന്നും എന്നത്തേക്ക് പ്രസ്തുത റോഡുകളുടെ നിർമ്മാണം പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തകരപ്പറമ്പ്—തട്ടത്തുമല റോഡിന്റെ എർത്ത് വർക്കും പ്രൊട്ടക് റീവ് വർക്കും പൂർത്തിയായി. പള്ളിക്കൽ—മുതല—ഇടവേലിക്കൽ റോഡിന്റെ ഒരു കലുങ്കിന്റെ നിർമ്മാണം ഒഴികെയുള്ള പണികളും പൂർത്തിയായിട്ടുണ്ട്. ചെമ്മരത്തുമുക്ക്—പുതുശ്ശേരി മുക്ക് റോഡിന്റെ 136 മീറ്റർ ഒഴികെയുള്ള ഭാഗത്തിന്റെ സോളിംഗ്, മെറ്റലിംഗ്, സെമിഗ്രൗട്ടിംഗ് മുതലായ ജോലികളും പൂർത്തിയായിട്ടുണ്ട്. 136 മീറ്റർ ദൈർഘ്യം വരുന്ന ഭാഗത്തിന് വേണ്ടത്ര വീതിയുള്ള സ്ഥലം പഞ്ചായത്തിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കരാറുകാരൻ പണി ഉപേക്ഷിച്ച് ആർബിട്രേഷനുപോയ തകരപ്പറമ്പ്—തട്ടത്തുമല റോഡിന്റെ ശേഷിച്ച പണികൾ പുനരാരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളിക്കൽ—മുതല–ഇടവേലിക്കൽ റോഡിന്റെ നിർമ്മാണത്തിൽ കരാറുകാരൻ പണി പൂർത്തിയാക്കാതെ പോയ ഒരു കലുങ്കിന്റെ നിർമ്മാണം ഡിപ്പാർട്ടുമെന്റലായി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുകളിൽ പറഞ്ഞ രണ്ടു റോഡുകളുടെയും പണികൾ എപ്പോൾ പൂർത്തിയാകുമെന്ന് ഇപ്പോൾ കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ചെമ്മരത്തുമുക്ക്–പുതുശ്ശേരിമുക്ക് റോഡിനു 136 മീറ്റർ ഭാഗത്ത് വീതി കുറവാണ്. ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥലം വിട്ടു തരാത്തതാണ് കാരണം. അതിനാൽ ഈ ഭാഗത്തിന്റെ പണി പഞ്ചായത്ത് സ്ഥലം വിട്ടുതരുന്നമുറയ്ക്ക് മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളു.

ചാവടി മുതൽ കാരാളം തോടുവരെയുള്ള റോഡ്

1380. [1971] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തോടു കുത്തിയതോട്, തുറവൂർ പട്ടണക്കാട് എന്നീ പഞ്ചായത്തുകളിൽകൂടി കടന്നുപോകുന്ന ചാവടി തൽ കാരാളം തോടുവരെയുള്ള റോഡിനു ടാറിടണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിനു നിവേദനം വല്ലതും കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൾക്കുവേണ്ടി നിവേദനം ബി. ആൻറ്. ആർ. ചീഫ് എഞ്ചിനീയർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

പഞ്ചായത്തുറോഡുകൾ പി. ഡബ്ളിയു. ഡി. ഏറെടുക്കാൻ നടപടി

1381. [1972] ശ്രീ. എം. ജിനദേവൻ :

,, വി. എസ്. ചന്ദ്രശേഖരൻ നായർ :

,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) 1984-85-ൽ സംസ്ഥാനത്ത് എത്ര കിലോമീറ്റർ പഞ്ചായത്തു റോഡുകൾ പി. ഡബ്ളിയു. ഡി. ഏറെടുത്തിട്ടുണ്ട് ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 444.256 കിലോമീറ്റർ.

(ബി)

തിരുവനന്തപുരം	12.97	കിലോമീറ്റർ
കൊല്ലം	12.86	,,
പത്തനംതിട്ട	14.48	,,
കോട്ടയം	11.755	,,
ഇടുക്കി	26.61	,,
എറണാകുളം	8.44	,,
തൃശ്ശൂർ	1.20	,,
പാലക്കാട്	63.855	,,
മലപ്പുറം	37.76	,,
വയനാട്	19.41	,,
കണ്ണൂർ	167.026	,,
കാസർകോട്	67.89	,,
	444.256	,,

ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് ഗവൺമെൻറ് നിർമ്മിച്ചു കൊടുക്കേണ്ട റോഡുകളും പാലങ്ങളും

1382. [1973] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപ മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) ഏഴിമല നേവൽ അക്കാഡമി പ്രദേശത്തേക്ക് സംസ്ഥാന ഗവൺമെൻറ് നിർമ്മിച്ചുകൊടുക്കേണ്ട റോഡുകൾ ഏതൊക്കെയാണ് ; പാലങ്ങൾ ഏതൊക്കെയാണ് ;

(ബി) ഇതിൽ ഏതെല്ലാം റോഡുകളുടെയും പാലങ്ങളുടെയും പണിയാണ് ആരംഭിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly